പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 582          11.12..2012 ലെ മറുപടിയ്ക്ക്

## ഗോൾഡ് ലോൺ നല്കുന്ന സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.വി. അബ്ദുൾ റസാക് | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഗോൾഡ് ലോൺ നൽകുന്ന അനേകം സ്ഥാപനങ്ങൾ, ബാങ്കുകൾ ഈടാക്കുന്നതിനേക്കാൾ വളരെ കൂടുതൽ പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (ബി) ഇത്തരം സ്ഥാപനങ്ങൾ ബാങ്കുകൾ ഈടാക്കുന്നതിനേക്കാൾ രണ്ടുശതമാനത്തിലധികം പലിശ ഈടാക്കരുതെന്ന് 1958 ലെ കേരള പണം കൊടുപ്പുകാർ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2012 ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ഓർഡിനൻസ് അനുസരിച്ച് എല്ലാവിധ അമിത പലിശ ഈടാക്കലും നിരോധിച്ചിട്ടുണ്ട്. പ്രസ്തുത നിരോധനം ലംഘിക്കുന്നവർക്ക് 3 വർഷം വരെ തടവും അൻപതിനായിരം രൂപ വരെ പിഴയും നൽകി ശിക്ഷിക്കുവാൻ പ്രസ്തുത ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസ് അനുസരിച്ച് കൊടുക്കുവാനുള്ള തുകയും മര്യാദ പലിശയും കോടതിയിൽ കെട്ടിവച്ച് ബാധ്യത തീർക്കുവാനും സ്വർണ്ണം വീണ്ടെടുക്കുവാനും കഴിയും. |

സെക്ഷൻ ഓഫീസർ.